**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1724</u>** **<u>08-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>പുനർഗേഹം പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പുനർ ഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പളയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പളയിൽ മത്സ്യതൊഴിലാളികൾക്കായി നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തിയ്ക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുകയും 23/11/2022 ന് ടെക്നിക്കൽ ബിഡ് തുറന്നു പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഡോക്യുമെന്റ് പരിശോധനാ നടപടികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ഒരു യൂണിറ്റിൽ ഒരു ഫ്ലോറിൽ 8 ഫ്ലാറ്റ് എന്ന കണക്കിൽ (G+2) 3 നിലകളിലായി 24 ഫ്ലാറ്റും, അങ്ങനെയുള്ള 6 യൂണിറ്റുകളിലായി 144 ഫ്ലാറ്റുകളും, ലാന്റ് ഡെവലപ്മെന്റ്, ഗേറ്റോട്കൂടിയ ചുറ്റുമതിൽ, സെപ്റ്റിക് ടാങ്ക് (6), ബോർവെൽ (1), കിണർ (1), അംഗനവാടിക്ക് കെട്ടിടം എന്നിവ അടങ്ങുന്ന 2,320 ലക്ഷം രൂപയുടെ പദ്ധതിയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | (സി) | പദ്ധതി രണ്ട് വർഷം കൊണ്ട് പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ